## ക്രിസ് ഹോഡ്ജസ്



ചെന്നൈയിലെ യു.എസ്. കോൺസുലേറ്റ് ജനറൽ കാര്യാലയത്തിലെ മുഖ്യ ഓഫീസറാണ് കോൺസുൽ ജനറൽ ക്രിസ് ഹോഡ്ജസ്. ഇതിന് മുമ്പ് യുണൈറ്റഡ് സ്റ്റേറ്റ്സ് സർക്കാരിൻറെ കോർഡിനേറ്റർ ഫോർ അഫ്ഗാൻ റീലൊക്കേഷൻ എഫർട്സ് (കെയർ) ഓഫീസിൽ മുതിർന്ന ഉപദേശകനും ഇസ്രയേലി-പലസ്തീനിയൻ അഫയേഴ്സ് വകുപ്പിൽ ഡെപ്യൂട്ടി അസിസ്റ്റൻറ് സെക്രട്ടറിയുമായിരുന്നു അദ്ദേഹം. ആ നിയമനത്തിന് മുമ്പ് നിയർ ഈസ്റ്റേൺ അഫയേഴ്സ് ബ്യൂറോയിൽ അസിസ്റ്റൻസ് കോർഡിനേഷൻ ആൻഡ് പ്രസ് ആൻഡ് പബ്ലിക് ഡിപ്ലോമസി വിഭാഗത്തിൻറെ ഡെപ്യൂട്ടി അസിസ്റ്റൻറ് സെക്രട്ടറിയായിരുന്നു അദ്ദേഹം. ചെന്നൈയിൽ വരുന്നതിന് മുമ്പുള്ള അദ്ദേഹത്തിൻറെ അവസാന വിദേശ നിയമനം ജറുസലേമിലെ യു.എസ്. എംബസ്സിയിൽ അസിസ്റ്റൻറ് ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ, പലസ്തീൻ അഫയേഴ്സ് യൂണിറ്റ് ചീഫ് എന്നീ നിലകളിലായിരുന്നു.

യു.എസ്. ഫോറിൻ സർവീസിൽ രണ്ടായിരാമാണ്ടിൽ ചേർന്ന അദ്ദേഹം ജറുസലേം; വിയറ്റ്നാമിലെ ഹനോയ്; ഘാനയിലെ അക്ര എന്നിവിടങ്ങളിൽ പബ്ളിക് അഫയേഴ്സ് ഓഫീസറായും സെൻട്രൽ യൂറോപ്യൻ അഫയേഴ്സ് ഓഫീസിൽ ഓസ്ട്രിയ, ജർമ്മനി, സ്വിറ്റ്സർലൻഡ്, ലിക്റ്റൻസ്റ്റൈൻ എന്നീ രാജ്യങ്ങളിലെ ഡെപ്യൂട്ടി ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. ഫിജിയിലെ സൂവ, ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ട് എന്നിവിടങ്ങളിലും ഔദ്യോഗിക സേവനമുഷ്ഠിച്ചിട്ടുണ്ട്.

ജോർജിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് ഇന്റർനാഷണൽ അഫയേഴ്സിൽ ബാച്ചലർ ഓഫ് സയൻസ് ഓണേഴ്സ് ബിരുദം, ജോർജ് വാഷിങ്ങ്ടൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ഇന്റർനാഷണൽ അഫയേഴ്സിൽ ബിരുദാനന്ത ബിരുദം, യു. എസ്. നേവൽ വാർ കോളെജിൽ നിന്ന് സ്ട്രാറ്റജിക്

സ്റ്റഡീസിൽ ബിരുദാനന്ത ബിരുദം എന്നിവ ക്രിസ് ഹോഡ്ജസ് കരസ്ഥമാക്കിയിട്ടുണ്ട്. പബ്ലിക് ഡിപ്ലോമസി വിഭാഗത്തിൽ പ്രവർത്തിക്കുന്നവർക്ക് യു.എസ്. ഗവൺമെൻറ് ഏർപ്പെടുത്തിയിട്ടുള്ള എഡ്വേർഡ് ആർ. മറോ അവാർഡിനുള്ള തിരഞ്ഞെടുപ്പിൽ 2018-ൽ രണ്ടാം സ്ഥാനത്ത് എത്തിയിരുന്നു. പബ്ലിക് ഡിപ്ലോമസി അലുംനി അസോസിയേഷൻ നയതന്ത്ര വിഭാഗത്തിലെ മികവിന്  2019-ൽ അദ്ദേഹത്തെ ആദരിക്കുകയും ചെയ്തു.

അമേരിക്കയിൽ ജോർജിയയിലെ മാറിയേറ്റ സ്വദേശിയായ ക്രിസ് ഹോഡ്ജസ് വിവാഹിതനും രണ്ട് കുട്ടികളുടെ പിതാവുമാണ്.